ഉത്തരം

(എ) 1996 നവംബർ മാസത്തിലാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്.

(ബി)&(സി) ഇതുവരെ 40% പണി പൂർത്തിയായിട്ടുണ്ട്. മൊത്തം 5 നിലകളുള്ള കെട്ടിടത്തിന്റെ 3-ാം നിലയുടെ സ്ലാബ് പൂർണ്ണമായും 4-ാം നിലയുടെ സ്ലാബ് ഭാഗികമായും പൂർത്തിയായി. ബാക്കിയുള്ള പണികൾ നടക്കുന്നുണ്ട്. ഇതുവരെ ഈ പണിക്കുവേണ്ടി 8,11,028 (എട്ടു ലക്ഷത്തി പതിനൊന്നായിരത്തി ഇരുപത്തി എട്ട്) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പുതിയ മന്ദിരത്തിന്റെ പണി ഇപ്പോൾ നടന്നുവരികയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

182 (1786) ഹെൽത്ത് സെന്ററിനുവേണ്ടി പണികഴിപ്പിച്ച കെട്ടിടം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ കാഞ്ഞിറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനുവേണ്ടി പണി കഴിപ്പിച്ച പുതിയ കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പണി എന്ന് പൂർത്തിയാക്കി എന്ന് വെളിപ്പെടുത്തുമോ;

(സി) കെട്ടിടം തുറന്ന് പ്രവർത്തിക്കാൻ എന്താണ് തടസ്സമെന്ന് അറിയിക്കുമോ;

(ഡി) കെട്ടിടം അടിയന്തിരമായി തുറന്ന് പ്രവർത്തിപ്പിക്കാൻ ഡി.എം.ഒ.യ്ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരുന്നു.

(ബി) 24.10.1991-ൽ പ്രസ്തുത കെട്ടിടത്തിന്റെ മരാമത്തു പണി പൂർത്തിയായി എങ്കിലും, വൈദ്യുതിയും വെള്ളവും ലഭ്യമായത് 1999 ജനുവരിയിൽ മാത്രമാണ്.

(സി) കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ സ്റ്റാഫിനെ അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്ന മുറയ്ക്ക് ടി കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശം ജില്ലാ മെഡിക്കൽ ആഫീസർക്ക് നൽകുന്നതാണ്.

183 (1787) കുട്ടികളുടെ മാനസിക ആരോഗ്യത്തിനുവേണ്ട നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly